**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 21-12-2023 തീയതിയിൽ നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ**

**സ്ഥലം : PMU ഓഫീസ് , തിരുവനന്തപുരം**

**പങ്കെടുത്തവർ : PMU, RPMU ഉദ്യോഗസ്ഥർ (On line )**

**സമയം: 02.30 pm**

2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതികളും back log പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് 3 മാസം മാത്രമാണ് അവശേഷിക്കുന്നതെന്നും ഈ വർഷത്തെ പ്ലാൻ ഫണ്ട് 2024 ജനുവരി മാസം ലഭിക്കുവാനുള്ള സാധ്യത മുൻനിർത്തി പദ്ധതി നിർവഹണ പ്രവൃത്തികൾ ത്വരിത ഗതിയിലാക്കണമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ ആമുഖമായി നിർദേശിച്ചു. തുടർന്ന് RPMU തലത്തിലെ പ്രവർത്തന പുരോഗതി RPMU ഉദ്യോഗസ്ഥർ വിശദീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. നിലവിൽ സുസ്ഥിരതാ പദ്ധതിയടക്കമുള്ള പ്ലാൻ പദ്ധതികൾക്ക് വേണ്ടി ഉപയോഗിക്കുന്ന ടെണ്ടർ ഫോമിന് proper approval ആവശ്യമാണ് എന്നുള്ള ഓഡിററ് കമന്റ് RPMU കണ്ണൂർ ശ്രദ്ധയിൽ പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ PMU - വിൽ നിന്നും 23 / 12 / 23 നുള്ളിൽ ടെണ്ടർ ഫോമിന് അപ്പ്രൂവൽ നൽകുന്നതാണ്.
2. 2023-24 സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിരുന്ന സ്കീമുകളുടെ TS തുകയിലുള്ള മാറ്റം , drop ചെയ്ത സ്കീമുകൾക്ക് പകരമുള്ള സ്കീമുകളുടെ ലിസ്റ്റ്, തുക, drop ചെയ്യാനുള്ള കാരണം എന്നിവ സംബന്ധിച്ച് വിശദ വിവരങ്ങൾ ഉൾപ്പെടുത്തി RPMU വിന്റെ ശുപാർശ 30 / 12 / 23 - നുള്ളിൽ PMU - വിൽ സമർപ്പിക്കണം. ഇത്തരത്തിൽ സമർപ്പിക്കുന്ന സ്കീം , TS തുക എന്നിവ സംബന്ധിച്ച് പിന്നീട് മാറ്റം അനുവദിക്കുന്നതല്ല. PMU-വിൽ നിന്നും ആയത് പരിശോധിച്ച് തീരുമാനം നൽകുന്നതാണ് .
3. GWR പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുള്ളത് പ്രത്യക്ഷമായോ പരോക്ഷമായോ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്ന വീടൊന്നിനു Rs 5900/-എന്ന നിരക്കിലാണ്. Household cost സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന്റെ ഭാഗമായി പ്രവൃത്തികളുടെ working estimate ഉം റിപ്പോർട്ടും RPD അംഗീകരിച്ച് PMU വിൽ സമർപ്പിക്കണം. ആയത് പരിശോധിച്ച് PMU വിൽ നിന്നും അനുമതി നൽകുന്നതാണ്.
4. പൈവളിക പഞ്ചായത്തിലെ പ്രവൃത്തികൾക്ക് 15 % തുക 3-ാം തവണത്തെ ടെണ്ടറിൽ execs ആയി കരാറുകാരൻ quote ചെയ്ത സാഹചര്യത്തിൽ ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് , justification , മറ്റ് സാങ്കേതിക രേഖകൾ ഉൾപ്പെടുത്തി RPMU വിൽ നിന്നും documents PMU - വിൽ രണ്ടു ദിവസത്തിനകം സമർപ്പിക്കണം. ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം ലഭ്യമാക്കുന്നതിന് വേണ്ടി ആയത് സർക്കാരിലേക്ക് PMU - വിൽ നിന്നും സമർപ്പിക്കുന്നതാണ്.
5. മീഞ്ച , പൈവളിക പഞ്ചായത്തിലെ കുടിവെള്ള വിതരണ പ്രവൃത്തികളുടെ പ്രവൃത്തികൾ മുന്നോട്ട് കൊണ്ട് പോകുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നുവെങ്കിലും ചെക്ക് ഡാം നിർമ്മാണം സംബന്ധിച്ചുള്ള വ്യക്തത ഉണ്ടാകേണ്ടതുണ്ട്. ആയത് ഒരാഴ്ചക്കുള്ളിൽ നൽകുവാൻ കഴിയുമെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.
6. RWH പ്രവൃത്തികൾക്കുള്ള ടെണ്ടർ 30/12/23 - നുള്ളിൽ പൂർത്തീകരിക്കണം.
7. വിവിധ head – കളിലായി കണ്ണൂർ RPMU വിലേക്ക് അനുവദിച്ചിട്ടുള്ള പ്രവൃത്തികളിൽ പരമാവധി എണ്ണം ടെണ്ടറുകൾ 30/12/23 - നുള്ളിൽ വിളിക്കേണ്ടതും 2024 ജനുവരി 19 നുള്ളിൽ വർക്കുകൾ അവാർഡ് ചെയ്യുകയും വേണം.
8. R&D വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 4 പ്രവൃത്തികളിൽ 2 എണ്ണം പൂർത്തീകരിച്ചതായും ബാക്കി 2 എണ്ണം 27 /12/23 - നുള്ളിൽ പൂർത്തീകരിക്കുമെന്നും കണ്ണൂർ RPD അറിയിച്ചു . മലപ്പുറം, ഇടുക്കി യൂണിറ്റുകൾ 15/1/24 - നുള്ളിൽ പ്രവർത്തികൾ പൂർത്തീകരിക്കും എന്ന് അറിയിച്ചു.
9. മലപ്പുറം RPMU - വിൽ 23 - 24 ലെ നിലവിലുള്ള സ്കീമുകൾക്ക് TS നൽകുന്ന പ്രവർത്തനം 5 /1/24 - നുള്ളിൽ പൂർത്തീകരിക്കും. RWH യൂണിറ്റുകളുടെ ടെണ്ടർ നടപടികൾ 30/12/23 - നുള്ളിലും well conversion programme 10 /01/24 നുള്ളിലും പൂർത്തീകരിക്കും.
10. ഇടുക്കി RPMU വിലെ സുസ്ഥിരതാ പദ്ധതി സ്കീമുകളിൽ 59 എണ്ണം ടെണ്ടർ ചെയ്തുവെന്നും ബാക്കി ടെണ്ടർ 30/12/23 - നുള്ളിലും work award 15 /01/24 - നുള്ളിലും പൂർത്തീകരിക്കുമെന്ന് MT അറിയിച്ചു. RWH യൂണിറ്റിന്റേത് 30/12/23 - നുള്ളിൽ ടെണ്ടർ ചെയ്ത് 19 /01/24 നുള്ളിൽ work award ചെയ്യും. conversion

of well പദ്ധതിക്ക് 5/01/24 നുള്ളിൽ ടെണ്ടർ വിളിച്ച് 25 /01/24 - നുള്ളിൽ work awardചെയ്യും.

11. JJM പ്രവൃത്തികളുടെ എല്ലാ വർക്കുകളും 31 /12/23 - നുള്ളിൽ award ചെയ്യണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി . മലപ്പുറം ജില്ലയിലെ pending tenders and work award സംബന്ധിച്ച് DT പരിശോധിച്ച് നടപടികൾ സ്വീകരിക്കണം

പ്ലാൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെയും JJM പ്രവൃത്തികളുടെയും പ്രത്യേക പുരോഗതി റിപ്പോർട്ട് 2 ആഴ്ച കൂടുമ്പോൾ PMU വിലേക്ക് അയച്ചു നൽകണമെന്ന് RPDമാരോട് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു .

യോഗം 3.30 pm ന് അവസാനിച്ചു.

Signed by
Dr. Dinesan Cheruvat I A S
Date: 22-12-2023 15:59:31

**എക്സിക്യൂട്ടീവ് ഡയറക്ടർ**